കാരുണ്യ ബെനവലന്റ് ഫണ്ട് കരാർ നിയമനങ്ങൾ

237 (585) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിന് കരാർ അടിസ്ഥാനത്തിലും, എംപ്ലോയ്മെന്റ് മുഖാന്തരവും നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതൊക്കെയെന്ന വിശദമാക്കുമോ ;

(ബി) ഈ തസ്തികകളിലെ നിയമനങ്ങൾ PSC-യ്ക്ക് വിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ള ലെയ്സൺ ഓഫീസർമാരെ സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് സർക്കാർ തലത്തിൽ തിരുമാനിച്ചിട്ടുണ്ടോയെന്ന വിശദമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കരാർ അടിസ്ഥാനത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ താഴെ കാണിച്ചിട്ടുള്ള പ്രകാരം നിയമനം നടത്തിയിട്ടുണ്ട് :

1.	മാനേജർ (അഡ്മിനിസ്ട്രേഷൻ)	- 1
2.	അസിസ്റ്റന്റ് മാനേജർ (അക്കൌണ്ട്സ്)	- 1
3.	കൺസൾട്ടന്റ് ഡോക്ടർ	- 1
4.	അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ	- 1
5.	കോ-ഓർഡിനേറ്റർ	- 2
6.	ലെയ്സൺ ഓഫീസർ	- 2
7.	അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ	- 1

ഇത് കൂടാതെ ഓരോ ജില്ലയിലും ഓരോ ലെയ്സൺ ഓഫീസർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly